## പിന്നാക്ക വിഭാഗ വികസന വകുപ്പ് എറണാകുളം മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ നടപടി ഉത്തരവ്

**(ഹാജർ : ശ്രീ. ആർ. ഷിബു)**

വിഷയം : പി.വി.വി.വ - പരമ്പരാഗത കരകൗശല വിദഗ്ദർക്ക് പണിയായുധങ്ങൾക്കുള്ള നസഹായ പദ്ധതി - അപേക്ഷകരുടെ കരട് പട്ടിക തയ്യാറാക്കി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 1) സ.ഉ.(സാധാ). നമ്പർ 84/2016/പിസവിവ തീയതി 25.10.2016

2) പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 31.10.2016 ലെ **BCDD/A1/2587/2016** നമ്പർ വിജ്ഞാപനം

3) പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 19.10.17 ലെ **BCDD/A1/2587/2016** നമ്പർ നടപടി ഉത്തരവ്

==================================================================

**DDEKM/A1/502/2016** തീയതി 08.11.2017

==================================================================

പിന്നാക്ക വിഭാഗ വികസന വകുപ്പ് 2016-17 സാമ്പത്തിക വർഷം മുതൽ ആവിഷ്കരിച്ച് നടപ്പാക്കുന്ന പരമ്പരാഗത കരകൗശല വിദഗ്ദർക്ക് പണിയായുധങ്ങൾക്കുള്ള നസഹായ പദ്ധതിക്ക് പരാമർശം 2 പ്രകാരമുള്ള വിജ്ഞാപനത്തെ തുടർന്ന് എറണാകുളം മേഖലാ ആഫീസിൽ 15907 അപേക്ഷകൾ ലഭ്യമായിരുന്നു. 2016-17 സാമ്പത്തിക വർഷം കുറഞ്ഞ കുടുംബവാർഷിക വരുമാനം, കൂടിയ പ്രായം എന്നിവയുടെ അടിസ്ഥാനത്തിൽ മുൻഗണനാ പട്ടിക പ്രസിദ്ധീകരിച്ച് 1500 പേർക്ക് ആദ്യഗഡു തുക അനുവദിച്ചിരുന്നു.

എറണാകുളം മേഖലാ ആഫീസിനു കീഴിലെ തിരുവനന്തപുരം, കൊല്ലം, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട, എറണാകുളം, ഇടുക്കി എന്നീ ജില്ലകളിൽ നിന്നുള്ള അപേക്ഷകരുടെ മുൻഗണനാ പട്ടിക പ്രസിദ്ധീകരിച്ച് ആക്ഷേപങ്ങൾ പരിഹരിച്ച് തുക അനുവദിക്കുന്നതിന് പരാമർശം 3 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ എറണാകുളം മേഖലാ ആഫീസിൽ ലഭ്യമായ അപേക്ഷകളിൽ ഇതിനകം പരിശോധിച്ച്, ആനുകൂല്യ വിതരണം നടത്തിയതും, കരാർ ഒപ്പു വച്ചതുമായ അപേക്ഷകർ ഒഴികെ അവശേഷിക്കുന്ന 14098 അപേക്ഷകരിൽ കുറഞ്ഞ കുടുംബ വാർഷിക വരുമാനം, കൂടിയ പ്രായം എന്നിവയുടെ അടിസ്ഥാനത്തിൽ മുൻഗണനാ പട്ടികയുടെ കരട് തയ്യാറാക്കി അംഗീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു. 60 വയസ്സിൽ കൂടിയ പ്രായമുള്ളവരുടെ അപേക്ഷ നിരസിച്ചിട്ടുണ്ട്. കരട് പട്ടികയിലുൾപ്പെട്ട അപേക്ഷകരുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

(മറുപുറം)

| ജില്ല | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | - 657 |
| കൊല്ലം | - 3283 |
| കോട്ടയം | - 1679 |
| ആലപ്പുഴ | - 2125 |
| പത്തനംതിട്ട | - 1260 |
| ഇടുക്കി | - 1354 |
| എറണാകുളം | - 3740 |
| ആകെ | - 14098 |

ഒരേ കുടുംബത്തിൽ നിന്നുള്ള ഒന്നിലധികം പേർക്ക് ആനുകൂല്യം അനുവദിക്കുന്നതല്ല. വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത അപേക്ഷകരുടെ പേര് പട്ടികയുടെ അവസാനം ഉൾപ്പെടുത്തിയിട്ടുണ്ട്. കരട് പട്ടിക വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതും, 10 ദിവസത്തിനകം രേഖാമൂലം ലഭ്യമാകുന്ന ആക്ഷേപങ്ങൾ പരിഹരിച്ച് അന്തിമ മുൻഗണനാ പട്ടിക തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതുമാണ്.

(ഒപ്പ്/-)

മേഖലാ ഡെപ്യൂട്ടി ഡയറക്ടർ (ഇൻ ചാർജ്ജ്)

പകർപ്പ് :

ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ് - തിരുവനന്തപുരം
ഐ.ടി. ഡിവിഷൻ, പിന്നാക്ക വിഭാഗ വികസന വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
നോട്ടീസ് ബോർഡ്
കരുതൽ/അധികം

*പിവിഎസ് 08/11/17*